കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# തടവുകാർ ആക്റ്റ്, 1900

(1900-ലെ 3-ാം നമ്പർ ആക്റ്റ്)

(1978 ജൂലായ് 1-ാം തീയതി നിലവിലുള്ള പ്രകാരം)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1980

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# തടവുകാർ ആക്റ്റ്, 1900

## (1900-ലെ 3-ാം നമ്പർ ആക്റ്റ്)

(1978 ജൂലായ് 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1980

# തടവുകാർ ആക്റ്റ്, 1900

(1900-ലെ 3-ാം നമ്പർ ആക്റ്റ്)

[1900 ഫെബ്രുവരി 2.]

## കോടതിയുടെ ഉത്തരവുപ്രകാരം തടഞ്ഞുവയ്ക്കപ്പെടുന്ന തടവുകാരെ സംബന്ധിച്ച നിയമം സഞ്ചയിക്കുന്നതിനുള്ള ആക്റ്റ്

കോടതിയുടെ ഉത്തരവുപ്രകാരം തടഞ്ഞുവയ്ക്കപ്പെടുന്ന തടവുകാരെ സംബന്ധിച്ചുള്ള നിയമം സഞ്ചയിക്കുന്നതു സമീചീനമായിരിക്കയാൽ; ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, തടവുകാർ ആക്റ്റ്, 1900 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, 1956 നവംബർ, 1-ാം തീയതിക്ക്, തൊട്ടു മുൻപ് ഖ ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യ ക്ഷേത്രങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിപരീതമായി എന്തെങ്കിലും ഇല്ലാത്തപക്ഷം—

(ക) ''കോടതി''യിൽ, കൊറോണറും സിവിൽ അധികാരിതയോ, ക്രിമിനൽ അധികാരിതയോ, റവന്യൂ അധികാരിതയോ നിയമാനുസൃതം പ്രയോഗിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനും, ഉൾപ്പെടുന്നതും,

(ഖ) ''കാരാഗൃഹ''ത്തിൽ, സ്റ്റേറ്റ് ഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, സബ്സിഡിയറി ജയിലായി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലവും, ഉൾപ്പെടുന്നതും,

(ഗ) ''സ്റ്റേറ്റുകൾ'' എന്നതിന്, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾ എന്നർത്ഥമാകുന്നതും, ആകുന്നു.

### ഭാഗം II

### സാമാന്യം

3. കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാർ, അവരുടെ കസ്റ്റഡിയിലേയ്ക്ക് മുറപ്രകാരം കമ്മിററ് ചെയ്യപ്പെടുന്ന ആളുകളെ തടങ്കലിൽ വയ്ക്കേണ്ടതാണെന്ന്.—കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ, ഏതെങ്കിലും കോടതി, ഈ ആക്റ്റിൻകീഴിലോ മററു വിധത്തിലോ അയാളുടെ കസ്റ്റഡിയിലേയ്ക്ക് മുറപ്രകാരം കമ്മിററ് ചെയ്യുന്ന എല്ലാ ആളുകളേയും സ്വീകരിക്കുകയും അങ്ങനെയുള്ള ആളെ കമ്മിററു ചെയ്തിട്ടുള്ള ഏതെങ്കിലും റിട്ടോ വാറൻേറാ ഉത്തരവോ ആവശ്യപ്പെടുന്നത്, സന്ദർഭത്തിന് ചേർന്നവിധം അനുസരിച്ചോ, അല്ലെങ്കിൽ നിയമത്തിൻെറ മുറപ്രകാരമുള്ള ഗതിയിൽ അങ്ങനെയുള്ള ആളെ ഡിസ്ചാർജ് ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതുവരെയോ തടങ്കലിൽ വയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

4. കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാർ റിട്ടുകൾ മുതലായവ നടപ്പാക്കലിനോ ഡിസ്ചാർജ്ജിനോശേഷം മടക്കണമെന്ന്.—കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ, മേൽപറഞ്ഞതുപോലെയുള്ളതും വിചാരണയ്ക്ക് കമ്മിററ് ചെയ്യുന്ന വാറൻറല്ലാത്തതും ആയ ഏത് റിട്ടിൻേറയും ഉത്തരവിൻേറയും, അല്ലെങ്കിൽ വാറൻറിൻേറയും നടപ്പാക്കലിനു ശേഷമോ, അല്ലെങ്കിൽ അതുപ്രകാരം കമ്മിററ് ചെയ്യപ്പെട്ട ആളെ ഡിസ്ചാർജ് ചെയ്തതിനുശേഷമോ, ഉടനടി അങ്ങനെയുള്ള റിട്ടോ ഉത്തരവോ വാറൻേറാ, അത് പുറപ്പെടുവിച്ച കോടതിക്ക്, അല്ലെങ്കിൽ അതിൻമേൽ എൻഡോഴ്സ് ചെയ്തതും അയാൾ ഒപ്പുവച്ചതും അതു നടപ്പാക്കിയത് എങ്ങനെയാണെന്നോ അതിൻെറ നടപ്പാക്കലിന് മുൻപ് അതുപ്രകാരം കമ്മിററ് ചെയ്യപ്പെട്ട ആൾ കസ്ററഡിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെട്ടത് എന്തുകൊണ്ടാണെന്നോ കാണിക്കുന്നതുമായ ഒരു സർട്ടിഫിക്കററ് സഹിതം മടക്കേണ്ടതാകുന്നു.

## ഭാഗം III

## പ്രസിഡൻസി ടൗണുകളിലെ തടവുകാർ

5. വാറൻറുകൾ മുതലായവ പോലീസുദ്യോഗസ്ഥൻമാർക്ക് അധികാരപ്പെടുത്തിക്കൊടുക്കണമെന്ന്.—സാധാരണമായതോ, അസാധാരണമായതോ മററു വിധത്തിലുള്ളതോ ആയ ക്രിമിനൽ അധികാരിതയുടെ പ്രയോഗത്തിൽ ഹൈക്കോടതി പുറപ്പെടുവിക്കുന്നതും, ഏതെങ്കിലും ആളുടെ അറസ്റ്റിനുള്ളതുമായ ഏതൊരു റിട്ടും, അല്ലെങ്കിൽ വാറൻറും, അങ്ങനെയുള്ള അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അധികാരപ്പെടുത്തിക്കൊടുക്കേണ്ടതും അയാളാൽ നടപ്പാക്കപ്പെടേണ്ടതുമാകുന്നു.

6. പ്രസിഡൻസി കാരാഗൃഹങ്ങളുടെ സൂപ്രണ്ടുമാരെ നിയമിക്കുന്നതിന് സ്റേററ് ഗവൺമെൻറിനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, ഈ ഭാഗത്തിൻകീഴിൽ തങ്ങളുടെ കസ്ററഡിയിലേക്കു കമ്മിററു ചെയ്യപ്പെടുന്ന തടവുകാരെ സ്വീകരിക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്യാൻ പ്രാധികാരമുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതാണ്.

വിശദീകരണം.—അപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ, അയാൾക്ക് എന്ത് ഉദ്യോഗപ്പേർ ഉപയോഗിച്ചാലും, ഇതിൽ, ഇതിനുശേഷം "സൂപ്രണ്ട്" ആയി പരാമർശിക്കപ്പെടുന്നതാകുന്നു.

7. ഹൈക്കോടതി തടവുശിക്ഷയ്ക്കോ മരണശിക്ഷയ്ക്കോ വിധിക്കുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—ഹൈക്കോടതി, അതിൻെറ ക്രിമിനൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ ഏതെങ്കിലും ആളെ തടവുശിക്ഷയ്ക്കോ വധശിക്ഷയ്ക്കോ വിധിക്കുന്നിടത്ത്, അതിൻെറ വാറൻറ് സഹിതം അയാളെ സൂപ്രണ്ടിനെ ഏൽപ്പിച്ചുകൊടുപ്പിക്കേണ്ടതും, അങ്ങനെയുള്ള വാറൻറ് സൂപ്രണ്ട് നടപ്പാക്കേണ്ടതും നടപ്പാക്കിക്കഴിയുമ്പോൾ, അയാൾ അത് ഹൈക്കോടതിക്ക് മടക്കേണ്ടതുമാകുന്നു.

8. ഹൈക്കോടതി ജീവപര്യന്തത്തടവുശിക്ഷയ്ക്കു വിധിക്കുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—ഹൈക്കോടതി, അതിൻെറ ക്രിമിനൽ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ ജീവപര്യന്തത്തടവുശിക്ഷയ്ക്കു വിധിക്കുന്നിടത്ത്, കോടതി അയാളെ ഇടക്കാല കസ്ററഡിക്കായി സൂപ്രണ്ടിനെ ഏൽപ്പിച്ചുകൊടുപ്പിക്കേണ്ടതും, അങ്ങനെയുള്ള ആളുടെ ജീവപര്യന്തത്തടവ് അങ്ങനെയുള്ള ഏൽപ്പിച്ചുകൊടുക്കൽ മുതൽക്ക് ആരംഭിക്കുന്നതായി കരുതപ്പെടുന്നതുമാകുന്നു.

9. ഒരു വിധിയുടെ നടത്തലിലോ കോടതി അലക്ഷ്യത്തിനോ ഹൈക്കോടതി കമ്മിററു ചെയ്യുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—ഹൈക്കോടതി ഏതെങ്കിലും ആളെ കമ്മിററുചെയ്യുന്നിടത്ത് അത് ഒരു വിധിയുടെ നടത്തലിലോ കോടതി അലക്ഷ്യത്തിനോ മറേറതെങ്കിലും കാരണത്തിനോ ആയാലും, കോടതി, അതിൻെറ കമ്മിററുചെയ്യുന്ന വാറൻറ് സഹിതം അയാളെ സൂപ്രണ്ടിനെ ഏൽപ്പിച്ചുകൊടുപ്പിക്കേണ്ടതാകുന്നു.

10. പ്രസിഡൻസി മജിസ്ട്രേററുമാർ ശിക്ഷയ്ക്ക് വിധിക്കുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—ഏതെങ്കിലും ആൾ, ഒരു പ്രസിഡൻസി മജിസ്ട്രേററിനാൽ തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ, അല്ലെങ്കിൽ സമാധാനപാലനത്തിനോ നല്ല നടപ്പിനോ ഉള്ള ജാമ്യം കണ്ടെത്താത്തതിനു കാരാഗൃഹത്തിലേക്ക് കമ്മിററു ചെയ്യപ്പെടുകയോ ചെയ്യുന്നിടത്ത്, മജിസ്ട്രേററ് അയാളെ, അയാളുടെ വാറൻറ് സഹിതം സൂപ്രണ്ടിനു ഏൽപ്പിച്ചുകൊടുപ്പിക്കേണ്ടതാകുന്നു.

11. ഹൈക്കോടതിയാലുള്ള വിചാരണയ്ക്ക് കമ്മിററു ചെയ്യപ്പെടുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—ഹൈക്കോടതിയാലുള്ള അതിൻെറ ക്രിമിനൽ ആദ്യാധികാരിതയുടെ പ്രയോഗത്തിലെ വിചാരണയ്ക്കായി ഒരു മജിസ്ട്രേററോ ജസ്ററീസ് ആഫ് ദി പീസോ കമ്മിററ്ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ആളെ വിചാരണയ്ക്കായി കോടതി മുൻപാകെ ഹാജരാക്കാൻ സൂപ്രണ്ടിനോടു നിദേശിക്കുന്ന കമ്മിററൽ വാറൻറ് സഹിതം സൂപ്രണ്ടിനെ ഏൽപ്പിച്ചുകൊടുക്കപ്പെടേണ്ടതും നിയമമനുസരിച്ച് അയാളുടെ കാര്യം കൈകാര്യം ചെയ്യുന്നതിനുവേണ്ടി സൂപ്രണ്ട് പ്രായോഗികമാകുന്നത്ര വേഗത്തിൽ അങ്ങനെയുള്ള ആളെ കോടതി മുൻപാകെ അതിൻെറ ഒരു ക്രിമിനൽ സെഷനിൽ കമ്മിററ് വാറൻറ് സഹിതം എത്തിപ്പിക്കേണ്ടതും ആകുന്നു.

12. നിർദ്ധനത്വത്തിനുള്ള അപേക്ഷയുടെ സിവിൽ നടപടി നിയമസംഹിത, 350-ാം വകുപ്പിൻകീഴിൽ ഹൈക്കോടതിയാലുള്ള ഹിയറിംഗ്‌വരെയുള്ള കസ്ററഡി.—ഹൈക്കോടതിക്ക്, നിർദ്ധനത്വം പ്രഖ്യാപിക്കാനുള്ള ഏതെങ്കിലും അപേക്ഷയുടെ സിവിൾ നടപടി നിയമസംഹിത, (1882-ലെ 14) 350-ാം വകുപ്പിൻകീഴിലെ ഹിയറിംഗ് വരെ, ബന്ധപ്പെട്ട വിധിക്കടക്കാരനെ ജാമ്യത്തിൻമേൽ വിമോചിപ്പിക്കുന്നത് സംബന്ധിച്ച മുൻപറഞ്ഞ നിയമസംഹിത, 349-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സൂപ്രണ്ടിന് ഏൽപ്പിച്ചുകൊടുപ്പിക്കാവുന്നതും, സൂപ്രണ്ട്, അങ്ങനെയുള്ള വിധിക്കടക്കാരനെ, അയാൾ ഹൈക്കോടതിയുടെ ഒരു ഉദ്യോഗസ്ഥന് അതിൻെറ ഉത്തരവനുസരിച്ച്, അതിൻെറ മുൻപാകെ എത്തിക്കപ്പെടുന്നതിനുവേണ്ടി തിരിയെ ഏൽപ്പിച്ചുകൊടുക്കപ്പെടുന്നതുവരേയോ, അല്ലെങ്കിൽ അയാൾ നിയമത്തിൻെറ മുറപ്രകാരമുള്ള ഗതിയിൽ വിമോചിപ്പിക്കപ്പെടുന്നതുവരേയോ സുരക്ഷിതമായ കസ്ററഡിയിൽ തടങ്കലിൽ വയ്ക്കേണ്ടതുമാകുന്നു.

13. ഹൈക്കോടതിയുടേയോ പ്രസിഡൻസി ടൗണിലെ സിവിൽക്കോടതിയുടേയോ വാറൻറനുസരിച്ച് അറസ്ററ് ചെയ്യപ്പെടുന്ന ആളുകളെ ഏൽപ്പിച്ചുകൊടുക്കൽ.—(1) ഹൈക്കോടതിയുടെ അതിൻെറ സിവിൽ ആദ്യാധികാരിതയുടെ പ്രയോഗത്തിലെ ഒരു റിട്ടോ, വാറൻേറാ, ഉത്തരവോ അനുസരിച്ചോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനോ അധിനിയമത്തിനോ കീഴിൽ, ഒരു പ്രസിഡൻസി ടൗണിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സിവിൽക്കോടതിയുടെ വാറൻറനുസരിച്ചോ; അല്ലെങ്കിൽ 5-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറനുസരിച്ചോ അറസ്ററ്

ചെയ്യപ്പെടുന്ന ഏതൊരാളും, കാലതാമസം കൂടാതെ ഏതു കോടതിയോ കോടതിയിലെ ഒരു ജഡ്ജിയോ ആണോ ആ വാറൻേറാ, ഉത്തരവോ പുറപ്പെടുവിച്ചത്, ആ കോടതിയോ അതിലെ ഒരു ജഡ്ജിയോ ആദ്യാധികാരിതയുടെ പ്രയോഗത്തിനായി അപ്പോഠം ഉപവേശിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ ആ കോടതിയുടേയോ അതിലെ ഒരു ജഡ്ജിയുടേയോ മുൻപാകെ കൊണ്ടുവരപ്പെടേണ്ടതാകുന്നു.

(2) മുൻപറഞ്ഞ കോടതിയോ, അതിലെ ഒരു ജഡ്ജിയോ ആദ്യാധികാരിതയുടെ പ്രയോഗത്തിനായി അപ്പോഠം ഉപവേശിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ, മുൻപറഞ്ഞ കോടതിയിലെ ഒരു ജഡ്ജി മററു വിധത്തിൽ നിദേശിക്കാത്ത പക്ഷം, മേൽപ്പറഞ്ഞപ്രകാരം അറസ്ററ് ചെയ്യപ്പെട്ട ആഠം ഇടക്കാല കസ്ററഡിക്കായി സൂപ്രണ്ടിന് ഏൽപ്പിച്ചുകൊടുക്കപ്പെടേണ്ടതും, അങ്ങനെയുള്ള ആളുടെ കാര്യം നിയമമനുസരിച്ച് കൈകാര്യം ചെയ്യുന്നതിനുവേണ്ടി മുൻപറഞ്ഞ കോടതിയുടേയോ അതിലെ ഒരു ജഡ്ജിയുടേയോ മുൻപാകെ, മുൻപറഞ്ഞ കോടതിയുടേയോ അതിലെ ഒരു ജഡ്ജിയുടേയോ ആദ്യാധികാരിതയുടെ പ്രയോഗത്തിനായുള്ള അടുത്ത ഉപവേശനത്തിൽ കൊണ്ടുവരപ്പെടേണ്ടതും മുൻപറഞ്ഞ കോടതിക്കോ ജഡ്ജിക്കോ അതിനുവേണ്ടി ആവശ്യകമായ എല്ലാ ഉത്തരവുകളോ വാറൻറുകളോ പുറപ്പെടുവിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാകുന്നു.

## ഭാഗം IV

## പ്രസിഡൻസി ടൗണുകഠക്ക് വെളിയിലുള്ള തടവുകാർ

14 കാരാഗൃഹങ്ങഠം മുതലായവയെക്കുറിച്ചുള്ള ഈ ഭാഗത്തിലെ പരാമർശങ്ങഠക്കു ദുർഗുണ പരിഹാര പാഠശാലകളെക്കൂടി പരാമർശിക്കുന്നതായി അർത്ഥം കൽപ്പിക്കേണ്ടതാണെന്ന്.—ഈ ഭാഗത്തിൽ കാരാഗൃഹങ്ങളെക്കുറിച്ചോ തടവിനെക്കുറിച്ചോ തടഞ്ഞുവയ്ക്കലിനെക്കുറിച്ചോ ഉള്ള എല്ലാ പരാമർശങ്ങഠക്കും ദുർഗുണ പരിഹാരപാഠശാലകളെക്കുറിച്ചും അതിൽ തടങ്കലിൽ വയ്ക്കുന്നതിനെക്കുറിച്ചുംകൂടി പരാമർശിക്കുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതാണ്.

15. ചില കോടതികളുടെ ശിക്ഷാവിധികഠക്കു പ്രഭാവം നൽകാൻ കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരം.—പ്രസിഡൻസി ടൗണുകഠക്കു വെളിയിലുള്ള കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാർക്ക്—

(ക) കേന്ദ്രഗവൺമെൻറിൻേറയോ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ ബർമ്മാ ഗവൺമെൻറിൻേറയോ സാമാന്യമോ പ്രത്യേകമോ ആയ പ്രാധികാരത്തിൻ കീഴിൽ പ്രവർത്തിക്കുന്ന, അതു സ്റേററുകഠക്കുള്ളിലോ പുറത്തോ ആയാലും, ഏതെങ്കിലും കോടതി, അല്ലെങ്കിൽ ട്രിബ്യൂണൽ അല്ലെങ്കിൽ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപ് ചക്രവർത്തിയുടേയോ ചക്രവർത്തിയുടെ പ്രതിനിധിയുടേയോ സാമാന്യമോ പ്രത്യേകമോ ആയ പ്രാധികാരത്തിൻ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും കോടതി അല്ലെങ്കിൽ ട്രിബ്യൂണൽ; അല്ലെങ്കിൽ

(ഖ) 1950 ജനുവരി 26-ാം തീയതിക്കു മുൻപ് ഏതെങ്കിലും ഇൻഡ്യൻ സ്റേററിലെ ഏതെങ്കിലും കോടതി, അല്ലെങ്കിൽ ട്രിബ്യൂണൽ—

(i) ആദ്ധ്യക്ഷ്യം വഹിക്കുന്ന ജഡ്ജി, അല്ലെങ്കിൽ കോടതിയോ ട്രിബ്യൂണലോ രണ്ടോ അതിലധികമോ ജഡ്ജിമാർ അടങ്ങിയതായിരിക്കുന്നു

വെങ്കിൽ, ജഡ്ജിമാരിൽ ചുരുങ്ങിയത് ഒരാം, അങ്ങനെയുള്ള ജഡ്ജിയായി ഉപവിഷ്ടനാകാൻ സ്റേററിനാലോ അതിലെ ഭരണാധികാരിയാലോ, കേന്ദ്ര ഗവൺമെൻറിനാലോ, ചക്രവർത്തിയുടെ പ്രതിനിധിയാലോ പ്രാധികാരപ്പെടുത്തപ്പെട്ട ചക്രവർത്തിയുടെ ഉദ്യോഗസ്ഥൻ ആയിരുന്നിരിക്കുകയും ;

(ii) അങ്ങനെയുള്ള ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ ശിക്ഷയ്ക്കു വിധിക്കുന്ന ആളുകളെ ഇൻഡ്യയിലെ ഏതെങ്കിലും പ്രവിശ്യയിൽ സ്വീകരിക്കുന്നതോ തടങ്കലിൽ വയ്ക്കുന്നതോ തടവിൽ വയ്ക്കുന്നതോ സ്റേററ് ഗവൺമെൻറിൻെറ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, പ്രാധികാരപ്പെടുത്തിയിട്ടുണ്ടായിരുന്നിരിക്കുകയും,

ചെയ്യുന്നുവെങ്കിൽ;

പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ആളുടെ തടങ്കലിനായുള്ള ഏതെങ്കിലും ശിക്ഷാവിധിയോ ഉത്തരവോ വാറൻേറാ ഫലത്തിൽ കൊണ്ടുവരാവുന്നതാണ്:

എന്നാൽ, ബർമ്മയിലെ ഏതെങ്കിലും കോടതിയോ ടിബ്യൂണലോ പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും തടങ്കലിനുള്ള ശിക്ഷാവിധിയോ ഉത്തരവോ വാറൻേറാ ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിൻെറ മുൻഅനുമതി കൂടാതെ ഫലത്തിൽ കൊണ്ടുവരാൻ പാടുള്ളതല്ല.

(2) മേൽപ്പറഞ്ഞതുപോലെയുള്ള ഒരു ഇൻഡ്യൻ സ്റേററിലെ, കോടതിയോ ട്രിബ്യൂണലോ ചക്രവർത്തിയുടെ ഒരു ഉദ്യോഗസ്ഥൻെറ യോജിപ്പുകൂടാതെ നടപ്പാക്കാൻ കഴിയുമായിരുന്നില്ലാത്ത ഒരു ശിക്ഷാവിധി പാസ്സാക്കിയിട്ടുണ്ടായിരുന്നിരിക്കുകയും, അതിലേക്ക് പ്രത്യേകം പ്രാധികാരപ്പെടുത്തപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ, അങ്ങനെയുള്ള ശിക്ഷാവിധി ഗുണാഗുണത്തിൻമേൽ പരിഗണിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ശിക്ഷാവിധിയും, അതനുസരിച്ച് പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവു അല്ലെങ്കിൽ വാറൻറും കേന്ദ്രഗവൺമെൻറിൻേറയോ ചക്രവർത്തിയുടെ പ്രതിനിധിയുടേയോ പ്രാധികാരത്തിൻമേൽ പ്രവർത്തിക്കുന്ന ഒരു കോടതിയുടേയോ ട്രിബ്യൂണലിൻേറയോ ശിക്ഷാവിധിയോ ഉത്തരവോ വാറൻേറാ ആയി കരുതപ്പെടുന്നതാണ്.

16. <u>അങ്ങനെയുള്ള കോടതിയുടെ ഉദ്യോഗസ്ഥൻെറ വാറൻറ് മതിയായ പ്രാധികാരമായിരിക്കുമെന്ന്.</u>—15-ാം വകുപ്പിൽ പരാമർശിച്ചപ്രകാരമുള്ള കോടതിയുടേയോ ട്രിബ്യൂണലിൻേറയോ ഒരു ഉദ്യോഗസ്ഥൻെറ ഔദ്യോഗിക ഒപ്പുവച്ച വാറൻറ്, ഏതെങ്കിലും ആളെ അയാൾക്കെതിരായി പാസ്സാക്കിയ ശിക്ഷാവിധിയനുസരിച്ച് തടഞ്ഞുവയ്ക്കുന്നതിനോ, ജീവപര്യന്തത്തടവിനായി അയയ്ക്കുന്നതിനോ മതിയായ പ്രാധികാരമായിരിക്കുന്നതാണ്.

17. <u>ഈ ഭാഗത്തിൻകീഴിൽ നടപ്പാക്കാനായി തനിക്കയയ്ക്കുന്ന വാറണ്ടിൻെറ നിയമസാധുതയെ കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ സംശയിക്കുന്നിടത്തെ നടപടിക്രമം.</u>—(1) ഈ ഭാഗത്തിൻകീഴിൽ നടപ്പാക്കാനായി തനിയ്ക്കയക്കുന്ന ഒരു വാറണ്ടിൻേറയോ ഉത്തരവിൻേറയോ നിയമസാധുതയേയോ, അതിൽ ഔദ്യോഗികമുദ്രയോ ഒപ്പോ വച്ചിട്ടുള്ള ആൾക്ക്, ആ ശിക്ഷാവിധി പാസ്സാക്കുകയും, ആ വാറൻേറാ ഉത്തരവോ പുറപ്പെടുവിക്കുകയും ചെയ്യുന്നതിനുള്ള ക്ഷമതയേയോ കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ സംശയിക്കുന്നിടത്ത്, അയാൾ ആ വിഷയം സ്റേററ് ഗവൺമെൻറിനു റഫർ ചെയ്യേണ്ടതും, ആ കേസിൻമേലുള്ള അതിൻെറ ഉത്തരവ് അയാൾക്കും മററെല്ലാ പബ്ലിക് ഉദ്യോഗസ്ഥൻമാർക്കും, തടവുകാരൻെറ കാര്യം മേലാൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗദർശകമായിരിക്കേണ്ടതുമാകുന്നു;

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ചെയ്യുന്ന റഫറൻസ് നിലവിലിരിക്കെ, തടവുകാരൻ വാറൻറിലോ ഉത്തരവിലോ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിലും, പരിമിതികളോടോ ലഘൂകരണങ്ങളോടോകൂടിയും തടങ്കലിൽ വയ്ക്കപ്പെടേണ്ടതാകുന്നു.

18. സ്റേററുകളിൽ സാധാരണമായി അവിടെ നടപ്പാക്കാവുന്നതല്ലാത്ത ചില മരണശിക്ഷാവിധികൾ നടപ്പാക്കുന്നത്.—(1) കേന്ദ്രഗവൺമെൻറിൻെറ പ്രാധികാരത്തിൽ സ്ഥാപിക്കപ്പെട്ട ഒരു കോടതി സ്റേററുകളുടെ അതിർത്തികൾക്കപ്പുറത്തുള്ള രാജ്യക്ഷേത്രത്തിലോ രാജ്യക്ഷേത്രം സംബന്ധിച്ചോ, കേന്ദ്രഗവൺമെൻറിന് അങ്ങനെയുള്ള ആ രാജ്യക്ഷേത്രത്തിലുള്ള അധികാരിത പ്രയോഗിച്ചുകൊണ്ട്—

(ക) ഏതെങ്കിലും ആളെ മരണശിക്ഷക്കു വിധിച്ചിരിക്കുകയും;

(ഖ) അങ്ങനെയുള്ള രാജ്യക്ഷേത്രത്തിൽ, അങ്ങനെയുള്ള ആളെ തടഞ്ഞുവയ്ക്കുന്നതിനുള്ള സുരക്ഷിതമായ യാതൊരു സ്ഥലവും, അല്ലെങ്കിൽ, അയാളുടെ മരണശിക്ഷ, മാന്യവും മനുഷ്യോചിതവുമായ രീതിയിൽ നടപ്പാക്കുന്നതിനുപററിയ യാതൊരു ഉപകരണങ്ങളും ഇല്ലെന്നുള്ള കാരണത്താൽ, അങ്ങനെയുള്ള ശിക്ഷാവിധി, സ്റേററുകളിൽ നടപ്പാക്കണമെന്ന് അഭിപ്രായമുള്ളതിനാൽ അങ്ങനെയുള്ള ശിക്ഷാവിധി നടപ്പാക്കുന്നതിനുള്ള അതിൻെറ വാറൻറ്, സ്റേററുകളിലെ ഒരു കാരാഗൃഹത്തിൻെറ ചാർജ്ജുള്ള ഉദ്യോഗസ്ഥൻെറ പേർക്ക് പുറപ്പെടുവിച്ചിരിക്കുകയും, ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ വാറൻറ് കിട്ടുന്നതിൻമേൽ വാറണ്ടിൽ നിർണ്ണയിക്കുന്ന സ്ഥലത്തുവച്ചും, അത്, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ 381-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ മുറപ്രകാരം പുറപ്പെടുവിച്ച ഒരു വാറൻറ് ആയിരുന്നാലെന്നപോലെ, എല്ലാ കാര്യങ്ങളിലും അതേ രീതിയിലും അതേ ഉപാധികൾക്ക് വിധേയമായും മരണശിക്ഷ നടപ്പാക്കേണ്ടതാകുന്നു.

(2) ഏതു കാരാഗൃഹങ്ങളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻമാരാണോ മേൽപ്പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും വാറൻറുകൾക്ക് കീഴിലുള്ള ശിക്ഷാവിധികൾ നടപ്പാക്കേണ്ടത്, അങ്ങനെയുള്ള കാരാഗൃഹങ്ങൾ ഓരോ സ്റേററിലും, സ്റേററ് ഗവൺമെൻറ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, നിദേശിക്കുന്നവയായിരിക്കുന്നതാണ്.

## ഭാഗം V

[19 മുതൽ 27 വരെയുള്ള വകുപ്പുകൾ], 1949-ലെ 17-ാം നമ്പർ ആക്ററിനാൽ റദ്ദാക്കപ്പെട്ടു.

## ഭാഗം VI

## തടവുകാരെ നീക്കം ചെയ്യൽ

28. കാരാഗൃഹങ്ങൾ മുതലായവയെക്കുറിച്ചുള്ള ഈ ഭാഗത്തിലെ പരാമർശങ്ങൾക്ക് ദുർഗുണപരിഹാര പാഠശാലകളെക്കൂടി പരാമർശിക്കുന്നതായി അർത്ഥം കൽപ്പിക്കേണ്ടതാണെന്ന്.—ഈ ഭാഗത്തിൽ, കാരാഗൃഹങ്ങളെക്കുറിച്ചോ തടവിനെക്കുറിച്ചോ തടഞ്ഞുവയ്ക്കലിനെക്കുറിച്ചോ ഉള്ള എല്ലാ പരാമർശങ്ങൾക്കും, ദുർഗുണ പരിഹാര പാഠശാലകളെക്കുറിച്ചും അതിൽ തടങ്കലിൽ വയ്ക്കുന്നതിനെക്കുറിച്ചുംകൂടി പരാമർശിക്കുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതാകുന്നു.

29. തടവുകാരെ നീക്കം ചെയ്യൽ.—സ്റ്റേറ്റ് ഗവൺമെന്റ് ഒരു കാരാഗ്രഹത്തിൽ,—

(ക) മരണശിക്ഷാവിധിക്ക് കീഴിലോ; അല്ലെങ്കിൽ

(ഖ) തടവിനോ ജീവപര്യന്തതടവിനോ ഉള്ള ശിക്ഷാവിധിക്ക് കീഴിലോ, അതിനു പകരമായോ; അല്ലെങ്കിൽ

(ഗ) പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്കോ, അല്ലെങ്കിൽ

(ഘ) സമാധാന പാലനത്തിനുള്ളതോ നല്ലനടപ്പിലിരിക്കാനുള്ളതോ ആയ ജാമ്യം നൽകുന്നതിനുള്ള വീഴ്ചയ്ക്കോ ;

തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തടവുകാരെ സ്റ്റേറ്റിലെ മറേറതെങ്കിലും കാരാഗൃഹത്തിലേക്കു നീക്കം ചെയ്യുന്നതിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) സ്റ്റേറ്റ് ഗവൺമെന്റിന്റെ ഉത്തരവുകൾക്കു വിധേയമായും, അതിന്റെ നിയന്ത്രണത്തിൻകീഴിലും കാരാഗൃഹങ്ങളുടെ ഇൻസ്പെക്ടർ ജനറൽക്ക്, സ്റ്റേറ്റിലെ ഒരുകാരാഗൃഹത്തിൽ മേൽപറഞ്ഞതുപോലെ തടഞ്ഞു വയ്ക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തടവുകാരനെ സ്റ്റേറ്റിലെ മറേറതെങ്കിലും കാരാഗൃഹത്തിലേക്ക് നീക്കംചെയ്യാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

30. ഭ്രാന്തൻമാരായ തടവുകാരുടെ കാര്യം എങ്ങനെ കൈകാര്യം ചെയ്യണമെന്ന്.—ഏതെങ്കിലും കോടതിയുടെ, ഏതെങ്കിലും ഉത്തരവിനോ ശിക്ഷാവിധിക്കോ കീഴിൽ തടങ്കലിൽ വയ്ക്കപ്പെട്ടതോ തടവിൽ വയ്ക്കപ്പെട്ടതോ ആയ ഏതെങ്കിലും ആരം, ചിത്തഭ്രമമുള്ളവനാണെന്നു തോന്നുന്നിടത്ത്, സ്റ്റേറ്റ് ഗവൺമെന്റിന്, ആ ആരം ചിത്തഭ്രമമുള്ളവനാണെന്നുള്ള വിശ്വാസത്തിന്റെ കാരണങ്ങരം പ്രതിപാദിക്കുന്ന ഒരു വാറന്റുപ്രകാരം സ്റ്റേറ്റിനുള്ളിലുള്ള ഒരു ഭ്രാന്താലയത്തിലേയോ മററു സുരക്ഷിത കസ്റ്റഡിയുള്ള സ്ഥലത്തേക്കോ, ഏതു കാലാവധിക്കാണോ അയാളെ തടങ്കലിൽ വയ്ക്കാനോ, തടവിൽ വയ്ക്കാനോ ഉത്തരവുചെയ്യുകയോ ശിക്ഷവിധിക്കുകയോ ചെയ്തിട്ടുള്ളത്, ആ കാലാവധിയുടെ ബാക്കികാലമോ അല്ലെങ്കിൽ, ആ കാലാവധിയുടെ അവസാനം തടവുകാരന്റേയോ മററുള്ളവരുടേയോ രക്ഷയ്ക്ക്, അയാളെ വൈദ്യശുശ്രൂഷക്കോ ചികിൽസക്കോ കീഴിൽ പിന്നേയും തടങ്കലിൽ വയ്ക്കേണ്ടത് ആവശ്യമാണെന്ന് ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യുന്നുവെങ്കിൽ, അയാരം നിയമമനുസരിച്ച് ഡിസ്ചാർജ് ചെയ്യപ്പെടുന്നതുവരേയോ അവിടെ സ്റ്റേറ്റ് ഗവൺമെന്റ് നിർദ്ദേശിക്കുന്നപ്രകാരം സൂക്ഷിക്കുകയും ചികിൽസിക്കുകയും ചെയ്യുന്നതിനായി അയാളെ നീക്കം ചെയ്യുന്നതിന് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) തടവുകാരൻ സ്വസ്ഥചിത്തനായി തീർന്നിട്ടുണ്ടെന്ന് തോന്നുന്നിടത്ത്, സ്റ്റേററു ഗവൺമെന്റ് തടവുകാരൻ കസ്റ്റഡിയിൽ സൂക്ഷിക്കപ്പെടാൻ അപ്പോഴും അർഹനായിരിക്കുന്നുവെങ്കിൽ അയാളുടെ ചാർജ്ജുള്ള ആരംക്ക് അധികാരപ്പെടുത്തിക്കൊടുക്കുന്ന വാറന്റ് പ്രകാരം, തടവുകാരനെ ഏത് കാരാഗൃഹത്തിൽ നിന്നാണോ അയാരം നീക്കം ചെയ്യപ്പെട്ടത്, ആ കാരാഗൃഹത്തിലേയ്ക്കോ സ്റ്റേറ്റിനുള്ളിലുള്ള മറെറാരു കാരാഗൃഹത്തിലേയ്ക്കോ റിമാൻഡ് ചെയ്യുകയോ അല്ലെങ്കിൽ മേലാൽ കസ്റ്റഡിയിൽ സൂക്ഷിക്കപ്പെടാൻ അയാരം അർഹനല്ലെങ്കിൽ അയാളെ ഡിസ്ചാർജ് ചെയ്യാൻ ഉത്തരവു ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(3) ഭ്രാന്താലയങ്ങരം ആക്ററ്, 1858 (1858-ലെ 36)-ലെ 9-ാം വകുപ്പിലെ വ്യവസ്ഥകരം ഏതു കാലാവധിക്കാണോ തന്നെ തടങ്കലിൽ വയ്ക്കാനോ തടവിൽ വയ്ക്കാനോ ഉത്തരവുചെയ്കയോ ശിക്ഷവിധി

ക്കുകയോ ചെയ്തത്, ആ കാലാവധി അവസാനിച്ചതിനുശേഷം (1)-ാം ഉപവകുപ്പിൻ കീഴിൽ ഭ്രാന്താലയത്തിൽ തടഞ്ഞുവയ്ക്കപ്പെടുന്ന ഏതൊരാൾക്കും ബാധകമായിരിക്കുന്നതും, ആ ഉപവകുപ്പിൻകീഴിൽ ഒരു തടവുകാരൻ ഭ്രാന്താലയത്തിൽ തടഞ്ഞുവയ്ക്കപ്പെടുന്ന സമയം അയാൾ അനുഭവിക്കാനായി കോടതി ഉത്തരവുചെയ്യപ്പെടുകയോ ശിക്ഷ വിധിക്കുകയോ ചെയ്തിട്ടുള്ള തടങ്കലിൻെറയോ തടവിൻേറയോ കാലാവധിയുടെ ഭാഗമായി കണക്കുകൂട്ടപ്പെടുന്നതുമാകുന്നു.

(4) സ്റ്റേററ് ഗവൺമെൻറിന് ഒരു തടവുകാരനെ സ്റ്റേററിനുള്ളിലെ ഒരു ഭ്രാന്താലയത്തിലേയ്ക്കോ മററു സുരക്ഷിതകസ്റ്റഡിയിലുള്ള സ്ഥലത്തേയ്ക്കോ (1)-ാം ഉപവകുപ്പിൻ കീഴിൽനീക്കംചെയ്യാൻഉത്തരവുചെയ്യുന്നതിന് ക്ഷമതയുള്ള ഏതെങ്കിലും സംഗതിയിൽ, സ്റ്റേററ് ഗവൺമെൻറിന്, അയാളെ മറേറതെങ്കിലും സ്റ്റേററിനുള്ളിലേയോ ഇൻഡ്യയുടെ ഈ ആക്ററ് വ്യാപിക്കാത്ത ഏതെങ്കിലും ഭാഗത്തിനുള്ളിലേയോ, അങ്ങനെയുള്ള ഏതെങ്കിലും ഭ്രാന്താലയത്തിലേയ്ക്കോ സ്ഥലത്തേയ്ക്കോ നീക്കംചെയ്യാൻ അങ്ങനെയുള്ള മററ്സ്റ്റേററിലെ സ്റ്റേററ് ഗവൺമെൻറുമായുള്ള കരാർപ്രകാരം ഉത്തരവു ചെയ്യാവുന്നതും; (1)-ാം ഉപവകുപ്പിൻകീഴിൽ നീക്കം ചെയ്യപ്പെടുന്ന ഒരു തടവുകാരൻെറ കസ്ററഡിയും, തടങ്കലും, റിമാൻഡും, ഡിസ്ചാർജ്ജും സംബന്ധിച്ച ഈ വകുപ്പിലെ വ്യവസ്ഥകൾ, അവ ബാധകമാക്കാൻ കഴിയുന്നിടത്തോളം, ഈ ഉപവകുപ്പിൻകീഴിൽ നീക്കം ചെയ്യപ്പെടുന്ന ഒരു തടവുകാരന് ബാധകമായിരിക്കുന്നതുമാകുന്നു.

31. [റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, 1903 (1903-ലെ 1)-ലെ 4-ാം വകുപ്പിനാലും III-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.]

## ഭാഗം VII

## ജീവപര്യന്തത്തടവുശിക്ഷാവിധിക്കുകീഴിലുള്ള ആളുകൾ

32. ജീവപര്യന്തത്തടവു ശിക്ഷാവിധിക്കു കീഴിലുള്ള ആളുകളെ തടഞ്ഞുവയ്ക്കുന്നതിനു സ്ഥലങ്ങൾ നിശ്ചയിക്കുന്നതും അവിടേക്ക് നീക്കം ചെയ്യുന്നതും.—സ്റ്റേററ് ഗവൺമെൻറിന്, സ്റ്റേററിനുള്ളിലുള്ളതും ജീവപര്യന്തത്തടവുശിക്ഷാ വിധിക്കുകീഴിലുള്ള ആളുകളെ അയയ്ക്കേണ്ടതുമായ സ്ഥലങ്ങൾ നിശ്ചയിക്കാവുന്നതും; സ്റ്റേററ് ഗവൺമെൻേറാ സ്റ്റേററ് ഗവൺമെൻറ് ഇതിലേക്ക് മുറപ്രകാരം പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, മറെറാരു കുററത്തിന്, മുൻപേ പാസ്സാക്കിയ ശിക്ഷാവിധിക്കുകീഴിൽ ജീവപര്യന്തത്തടവു ശിക്ഷ മുൻപേ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ആൾക്കെതിരായി ജീവപര്യന്തത്തടവുശിക്ഷ പാസ്സാക്കുമ്പോളൊഴികെ, അങ്ങനെയുള്ള ആളുകളെ അങ്ങനെ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലേക്ക് നീക്കം ചെയ്യാൻ ഉത്തരവുകൾ നൽകേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സ്റ്റേററിനുള്ളിൽ സ്ഥലങ്ങൾ നിശ്ചയിക്കാനും അവിടേയ്ക്ക് ജീവപര്യന്തത്തടവുശിക്ഷയ്ക്കു കീഴിലുള്ള ആളുകളെ നീക്കം ചെയ്യാൻ ഉത്തരവു ചെയ്യുന്നതിനും സ്റ്റേററ് ഗവൺമെൻറിന് ക്ഷമതയുള്ള ഏതെങ്കിലും സംഗതിയിൽ, സ്റ്റേററ് ഗവൺമെൻറിന്, മറേറതെങ്കിലും സ്റ്റേററിൽ, അങ്ങനെയുള്ള സ്ഥലങ്ങൾ ആ സ്റ്റേററിലെ സ്റ്റേററ് ഗവൺമെൻറുമായുള്ള കരാർപ്രകാരം നിശ്ചയിക്കാവുന്നതും, സദൃശകരാർ പ്രകാരം അങ്ങനെയുള്ള ആളുകളെ അവിടേക്ക് നീക്കം ചെയ്യാൻ ഉത്തരവു നൽകുകയോ ഉത്തരവു നൽകാൻ വല്ല ഉദ്യോഗസ്ഥനേയും മുറപ്രകാരം പ്രാധികാരപ്പെടുത്തുകയോ ചെയ്യാവുന്നതുമാണ്.

## ഭാഗം VIII

## തടവുകാരുടെ ഡിസ്ചാർജ്ജ്

33. മാപ്പിന് ശിപാർശചെയ്തിട്ടുള്ള തടവുകാരനെ ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ജാമ്യക്കച്ചീട്ടിൻമേൽ വിമോചിപ്പിക്കൽ.—ഏതെങ്കിലും ഹൈക്കോടതിക്ക്, ഏതെങ്കിലും തടവുകാരന് നിരുപാധികമായ മാപ്പുനൽകാൻ അത് ഗവൺമെൻറിനോടു ശിപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ അയാളെ, സ്വന്തം ജാമ്യക്കച്ചീട്ടിൻമേൽ സ്വതന്ത്രനാകാൻ അനുവദിക്കാവുന്നതാണ്.

## ഭാഗം IX

[34-52 വരെ വകുപ്പുകൾ 1955-ലെ 32-ാം നമ്പർ ആക്റ്റ് 10-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.]

[53-ാം വകുപ്പ്, 1914-ലെ 10-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പിനാലും II-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.]

ഒന്നാം പട്ടിക [1955-ലെ 32-ാം നമ്പർ ആക്റ്റ്, 10-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.]

രണ്ടാം പട്ടിക [1955-ലെ 32-ാം നമ്പർ ആക്റ്റ്, 10-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.]

മൂന്നാം പട്ടിക [1914-ലെ 10-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പിനാലും II-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.]